പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2510 | 12.06. 2018 ൽ മറുപടിക്ക്

## കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം

ചോദ്യം

ശ്രീ.കെ.രാജൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ തൃശ്ശൂർ ജില്ലയിൽ ജോലിക്കിടെയുണ്ടായ അപകടങ്ങളിൽ എത്ര കെ.എസ്.ഇ.ബി. ജീവനക്കാർ മരണമടഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?<br><br>(ബി) അപകടത്തിൽപ്പെട്ട് മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് കെ.എസ്.ഇ.ബി. നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) 01.01.2016- മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ള അപകടങ്ങളുടെ കണക്കുകൾ പരിശോധിച്ചതിൽ നിന്നും, തൃശ്ശൂർ ജില്ലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് വേണ്ടി ജോലി ചെയ്യുന്നതിനിടയിൽ ഉണ്ടായ അപകടങ്ങളിൽ സ്ഥിരം ജീവനക്കാരായ മൂന്നുപേർക്കും കരാർ തൊഴിലാളികൾ ആയ നാല്പ പേർക്കും ജീവഹാനി സംഭവിച്ചിട്ടുണ്ട്<br><br>(ബി) <u>ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം</u><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകട മരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. ഇപ്രകാരം താഴെ പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.<br><br><u>മരണാനന്തര നഷ്ടപരിഹാരം</u><br>1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480/-രൂപ മുതൽ 9,14,160/- രൂപ വരെ)<br>2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാനും അർഹതയുണ്ട്.<br>3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.<br>4. അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്. |

5. ശവസംസ്കാര ചെലവിനായി 7,500/- രൂപയ്ക്ക് അർഹതയുണ്ട്.

6. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ ആശ്വാസധനസഹായവും (3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിനുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽ പറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

**<u>കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം.</u>**

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

**<u>മരണാനന്തര നഷ്ടപരിഹാരം.</u>**

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിയ്ക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയ്ക്കുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും, കരാറുകാരൻ കൂടി പ്രസ്തുത ജോലിയിൽ ഏർപ്പെടുവാൻ താൽപര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാന് ഉൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തേണ്ടതാണ്.

| | |
|---|---|
| | അപകടമരണം സംഭവിയ്ക്കുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചു വരുന്നു.<br><br>ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട് |
| (സി) ജോലിക്കിടയിൽ മരണമടയുന്ന കരാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്ത് ധനസഹായമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരം.<br><br>മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.<br><br>**മരണാനന്തര നഷ്ടപരിഹാരം.**<br><br>7. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.<br><br>8. ശവസംസ്കാര ചെലവിനായി 5,000/- രൂപയ്ക്ക് അർഹതയുണ്ട്.<br><br>മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിയ്ക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിയ്ക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്കും, കരാറുകാരൻ കൂടി പ്രസ്തുത ജോലിയിൽ ഏർപ്പെടുവാൻ താൽപര്യപ്പെടുന്ന സാഹചര്യത്തിൽ ടിയാന് ഉൾപ്പെടെ അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിയ്ക്കുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള |

| | |
|---|---|
| | സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിയ്ക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിച്ചു വരുന്നു.<br><br>ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിയ്ക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പടെ ലഭിയ്ക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ